**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 14** **22-07-2021 - ൽ മറുപടിയ്ക്ക്**

**അധിക വായ്പയ്ക്കുള്ള കേന്ദ്ര നിർദ്ദേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനങ്ങൾക്ക് അധിക വായ്പ അനുവദിക്കുന്നതിന് വൈദ്യുതി മേഖലയിൽ കേന്ദ്രസർക്കാർ നിബന്ധനകൾ വെച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | കോവിഡ് -19 മഹാമാരി സംസ്ഥാന സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചതിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ വായ്പപരിധി ജി.എസ്.ഡി.പിയുടെ 3 ശതമാനത്തിൽ നിന്നും പരമാവധി ജി.എസ്.ഡി.പിയുടെ 4.5 ശതമാനമായി പരിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 3.5 ശതമാനം നിബന്ധനകൾ ഇല്ലാതെയും 0.5 ശതമാനം മൂലധനചെലവിനത്തിൽ സംസ്ഥാനം കൈവരിക്കേണ്ട ലക്ഷ്യങ്ങൾക്കനുസൃതമായും 0.5 ശതമാനം ഊർജ്ജമേഖലയിൽ വരുത്തേണ്ട പരിഷ്കാരങ്ങൾക്ക് അനുസൃതമായി ലഭ്യമാക്കുമെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളത്. നടപ്പ് സാമ്പത്തിക വർഷം ഊർജ്ജമേഖലയിൽ വരുത്തേണ്ട പരിഷ്കാരങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിർദ്ദേശിച്ച നിബന്ധനകൾ ചുവടെ ചേർക്കുന്നു. 1. പൊതു മേഖല വൈദ്യുതി വിതരണ കമ്പനികളുടെ നഷ്ടം ഘട്ടം ഘട്ടമായി സംസ്ഥാന സർക്കാർ ഏറ്റെടുക്കണം. ഇതിൻ പ്രകാരം 2022-23 ൽ 60 ശതമാനവും 2023-24 ൽ 75 ശതമാനവും 2024-25 ൽ 90 ശതമാനവും 2025-26 മുതൽ 100 ശതമാനവും വൈദ്യുതി വിതരണ കമ്പനികളുടെ നഷ്ടം സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അല്ലെങ്കിൽ പ്രസ്തുത നഷ്ടം ധനകമ്മിയിൽ ഉൾപ്പെടുത്തിയായിരിക്കും സംസ്ഥാനത്തിന്റെ വായ്പാ പരിധി നിശ്ചയിക്കുന്നത്. 2. 31.01.2022 മുതൽ വൈദ്യുതി ബോർഡിന്റെ ബാധ്യതകൾ വ്യക്തമാക്കികൊണ്ട് ഒരു സമാഹൃത പ്രസ്താവന മാസംതോറും ബാങ്കുകൾ/ എൻ.ബി.എഫ്.സി/മറ്റു സ്ഥാപനങ്ങൾക്ക് നല്കേണ്ടതും സംസ്ഥാനങ്ങളും |

പൊതുമേഖലാ സ്ഥാപനങ്ങളും പൊതുമേഖല വൈദ്യുതി വിതരണ കമ്പനിക്ക് നൽകിയിട്ടുള്ള ഗ്യാരണ്ടിയുടെ കുടിശ്ശികയും ഓരോ മാസവും അതിൻമേലുള്ള വർദ്ധനവും കുറവും നിർദ്ദിഷ്ട ഫോർമാറ്റിൽ നൽകേണ്ടതുമാണ്. 3. സംസ്ഥാനത്തെ എല്ലാ പൊതുമേഖല വൈദ്യുത വിതരണ കമ്പനികളും 2020-21 ലെ ആഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ 31.10.2021 നകം പ്രസിദ്ധീകരിക്കണം. 4. സംസ്ഥാന സർക്കാർ നൽകുവാൻ കുടിശ്ശികയായുള്ള സബ്സിഡിയുടെ വിവരങ്ങൾ, കുടിശ്ശികയായിട്ടുള്ള കാലാവധി ഉൾപ്പെടെ വാർഷിക കണക്കുകളിൽ പ്രത്യേകമായി വെളിപ്പെടുത്തിയിരിക്കണം. 5. സർക്കാർ വകുപ്പുകൾ/ സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾ/ സബോർഡിനേറ്റ് ഓഫീസുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് പിരിച്ചെടുക്കേണ്ട കുടിശ്ശികയുടെ വിവരങ്ങൾ വാർഷിക കണക്കുകളിൽ പ്രത്യേകമായി വെളിപ്പെടുത്തണം. 6. വായ്പയെടുക്കുന്നതിനായി സംസ്ഥാന സർക്കാരോ അതിന്റെ ഏതെങ്കിലും പൊതു മേഖല സ്ഥാപനങ്ങളോ DISCOMS ന് നൽകിയിട്ടുള്ള ഗ്യാരണ്ടിയുടെ വിവരങ്ങൾ വാർഷിക കണക്കുകളിൽ പ്രത്യേകമായി വെളിപ്പെടുത്തണം. 7. അധിക വായ്പയ്ക്കായി അപേക്ഷിക്കുമ്പോൾ വിവിധ ഉപഭോക്തക്കൾക്കായി സംസ്ഥാന സർക്കാർ യൂണിറ്റടിസ്ഥാനത്തിലുള്ള സബ്സിഡി നിശ്ചയിക്കേണ്ടതും വിവിധ ഉപഭോക്താക്കളുടെ വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ DISCOMS മൂന്ന് മാസത്തിലോരിക്കലെങ്കിലും ബിൽ തയ്യാറാക്കേണ്ടതും 2021-22 വർഷത്തെയ്ക്ക് സബ്സിഡി വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 65 അനുസരിച്ച് 2021-22 വർഷത്തെ കഴിഞ്ഞ മൂന്ന് മാസത്തെ സബ്സിഡി മുൻകൂറായി സംസ്ഥാന സർക്കാർ നൽകേണ്ടതുമാണ് 8. 2021-22 വർഷത്തെ ആദ്യ പകുതിയിലെ അധിക വായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ 2021-22 എനർജി അക്കൗണ്ടുകൾ 2021 ഒക്ടോബർ 31 നകം കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന് ലഭ്യമാക്കേണ്ടതാണ്. 9. കേന്ദ്ര സർക്കാറിന്റെ Letter of Credit സംവിധാനങ്ങൾ പാലിക്കുന്നുണ്ടെന്ന് സംസ്ഥാനത്തെ എല്ലാ DISCOMS - കളും ഉറപ്പു വരുത്തുക. 10. അധിക വായ്പ ലഭ്യമാകുന്നതിന് സംസ്ഥാന സർക്കാർ ധനസംബന്ധമായ ഉത്തവാദിത്വ നിയമം ഭേദഗതി ചെയ്യേണ്ടതുണ്ട്. മേൽ നിബന്ധനകൾക്ക് പുറമെ 50 മാർക്കിന്റെ നാല് പ്രവർത്തന മൂല്യനിർണ്ണയ മാനദണ്ഡങ്ങളുടെ

| | | | |
|---|---|---|---|
| | | | (Performance Evaluation Criteria) അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ പ്രവർത്തനം വിലയിരുത്തി പ്രസ്തുത മൂല്യനിർണ്ണയത്തിൽ 30 മാർക്കെങ്കിലും നേടിയാൽ മാത്രമേ ഊർജ്ജമേഖലയിലെ 0.50% അധിക വായ്പ ലഭ്യമാവുകയുള്ളൂ. മേൽ നിബന്ധനകൾക്ക് പുറമേ വരും വർഷങ്ങളിൽ കൂടുതൽ വ്യവസ്ഥകൾ കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിബന്ധനകൾ വൈദ്യുതി മേഖലയെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിന്റെ ഭാഗമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | വൈദ്യുതി വിതരണം സ്വകാര്യവത്കരിക്കണമെന്ന് പ്രത്യക്ഷമായി പറയുന്നില്ലെങ്കിലും വൈദ്യുതി മേഖലയുടെ സ്വകാര്യവൽകരണമാണ് കേന്ദ്ര സർക്കാർ ഇതിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) | കേന്ദ്രം നിർദ്ദേശിച്ചതും സംസ്ഥാന താൽപര്യങ്ങൾക്ക് ഹാനികരവുമായ വ്യവസ്ഥകൾ ഒഴിവാക്കി അധിക വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനങ്ങളുടെ വാർഷിക കടമെടുപ്പ് പരിധി GSDP യുടെ 5 ശതമാനമായി ഉയർത്തുന്നതിനും ഇത് ഉപാധികളില്ലാതെ അനുവദിക്കണമെന്നും അഭ്യർത്ഥിച്ച് കൊണ്ട് ബഹു. കേന്ദ്ര ധനകാര്യ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ